# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ടി എസ് ആർ(പി2 )1596/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ടി എസ് ആർ(പി2 )1596/2023 തീയ്യതി: 20/10/2023

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2023 മുതൽ 07-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 15-09-2023 | 23-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-09-2023 | 23-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) മീര ടി., ഓഡിറ്റ് ഓഫീസർ

2) ബിന്ദു സി.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

3) അനീറ്റ ഡൊമിനിക്, ഓഡിറ്റർ

4) സ്വാലിഹ് സി.പി.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ചിത്ര വിനോബാജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| രമാദേവി പി | സെക്രട്ടറി | 01-04-2022 | 03-04-2022 |
| മായാദേവി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-04-2022 | 15-04-2022 |
| രമാദേവി പി | സെക്രട്ടറി | 16-04-2022 | 10-07-2022 |
| മായാദേവി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2022 | 22-08-2022 |
| ജിൻസി ടി.ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-08-2022 | 31-08-2022 |
| രമാദേവി പി | സെക്രട്ടറി | 01-09-2022 | 20-09-2022 |
| മായാദേവി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-09-2022 | 21-10-2022 |
| ഷൈനി ഐ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-10-2022 | 22-11-2022 |
| രമാദേവി പി | സെക്രട്ടറി | 23-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മായാദേവി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 21-10-2022 |
| ഷൈനി ഐ.ബി | അസിസ്റ്റന്റ് സെക്രട്ടറി | 22-10-2022 | 31-03-2023 |
| സീമ ടി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| രജീന വി.സി | കൃഷി ഓഫീസർ | 01-04-2022 | 04-08-2022 |
| ശരുതി പി.ഡി | കൃഷി ഓഫീസർ | 05-08-2022 | 31-03-2023 |
| ധന്യ സി | വി ഇ ഒ (കാണിപ്പയ്യൂർ സർക്കിൾ) | 01-04-2022 | 18-05-2022 |
| അംബുജാക്ഷി ടി.കെ | വി ഇ ഒ (കാണിപ്പയ്യൂർ സർക്കിൾ) | 19-05-2022 | 25-05-2022 |
| ഷിജു ടി.ബി | വി ഇ ഒ (കാണിപ്പയ്യൂർ സർക്കിൾ) | 26-05-2022 | 16-06-2022 |
| മനു മോഹൻ | വി ഇ ഒ (കാണിപ്പയ്യൂർ സർക്കിൾ) | 17-06-2022 | 18-07-2022 |
| ധന്യ സി | വി ഇ ഒ (കാണിപ്പയ്യൂർ സർക്കിൾ) | 19-07-2022 | 07-08-2022 |
| ധന്യ സി | വി ഇ ഒ (കാണിപ്പയ്യൂർ സർക്കിൾ) | 08-08-2022 | 17-02-2023 |
| സൂര്യ കെ.ആർ | വി ഇ ഒ (കാണിപ്പയ്യൂർ സർക്കിൾ) | 18-02-2023 | 31-03-2023 |
| മിഥുല എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 17-01-2023 |
| ലീജ എം.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 18-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| മെറിൻ ജെറോം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 07-05-2022 | 31-03-2023 |
| ഡോ.വിജേഷ് വിജയൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 06-05-2022 |
| ഡോ.മെറിൻ ജെറോം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 07-05-2022 | 31-03-2023 |
| ഡോ. ഉമ കെ ശങ്കർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 20-06-2022 |
| ഡോ. ശാലിനി എസ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 21-06-2022 | 31-03-2023 |
| ഡോ. മിനി.വി.ജി. | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സലീൽ.യു. | വെറ്ററിനറി സർജൻ | 01-04-2022 | 16-10-2022 |
| ഡോ.പാമി മാളിയേക്കൽ | വെറ്ററിനറി സർജൻ | 17-10-2022 | 31-03-2023 |
| ഹീര സുരേഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ധന്യ സി | വി ഇ ഒ (ചൊവ്വന്നൂർ സർക്കിൾ) | 01-04-2022 | 18-05-2022 |
| അംബുജാക്ഷി ടി.കെ | വി ഇ ഒ (ചൊവ്വന്നൂർ സർക്കിൾ) | 19-05-2022 | 25-05-2022 |
| ഷിജു ടി.ബി | വി ഇ ഒ (ചൊവ്വന്നൂർ സർക്കിൾ) | 26-05-2022 | 16-06-2022 |
| മന്ദ മോഹൻ | വി ഇ ഒ (ചൊവ്വന്നൂർ സർക്കിൾ) | 17-06-2022 | 18-07-2022 |
| ധന്യ സി | വി ഇ ഒ (ചൊവ്വന്നൂർ സർക്കിൾ) | 19-07-2022 | 07-08-2022 |
| സൂര്യ കെ.ആർ | വി ഇ ഒ (ചൊവ്വന്നൂർ സർക്കിൾ) | 08-08-2022 | 31-08-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല | 1-1-3 |
| 5 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-4 |
| 6 | വസ്തു നികുതി-തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വസ്തു നികുതി -തൻവർഷം നോൺ-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയേക്കാൾ കൂടുതൽ തുക മുൻകൂർ ക്രമീകരിച്ചു | 1-1-7 |
| 9 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | മുൻകൂർ തുക രജിസ്റ്ററിൽ രേഖപ്പെടുത്തി ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-11 |
| 13 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-13 |
| 15 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-15 |
| 17 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-16 |
| 18 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-17 |
| 19 | ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല | 1-1-18 |
| 20 | ട്രയൽ ബാലൻസ് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല | 1-1-19 |
| 21 | Income And Expenditure Account പ്രകാരം മിച്ചതുക (Net | 1-1-20 |

| | | |
|---|---|---|
| | Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | |
| 22 | ബജറ്റ് | 1-2 |
| 23 | ഫണ്ട് വിനിയോഗം | 1-3 |
| 24 | പദ്ധതി അവലോകനം | 1-4 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 26 | ക്ഷേമപെൻഷനുകൾ | 1-6 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 29 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 30 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല | 1-10 |
| 31 | വസ്തുനികുതി - തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉറപ്പ് വരുത്തിയില്ല | 1-11 |
| 32 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ് | 1-12 |
| 33 | സർക്കാർ ഉത്തരവു പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-13 |
| 34 | തൊഴിൽ നികുതി - അപാകതകൾ | 1-14 |
| 35 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെയും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെയും എണ്ണത്തിൽ വൻവ്യത്യാസം | 1-15 |
| 36 | ആവശ്യമായ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-16 |
| 37 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നല്കി | 1-17 |
| 38 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ സമർപ്പിച്ച വിവരം ലഭ്യമല്ല | 1-18 |
| 39 | മരുന്നുകൾ പൂർണമായും ലഭ്യമായില്ല | 1-19 |
| 40 | എഫ് എച്ച് സി ലേക്ക് ഫർണിച്ചർ വാങ്ങൽ- സർക്കാർ ഉത്തരവ് പാലിച്ചില്ല. | 1-20 |
| 41 | സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-21 |
| 42 | അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഭിന്നശേഷി സ്കോളർഷിപ്പ് നൽകിയില്ല | 1-22 |
| 43 | അമൃതം ഫുഡ് സപ്ലിമെന്റ് - ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല | 1-23 |
| 44 | മാവേലി സ്റ്റോറിന് ഒരേ ബില്ലിൽ രണ്ട് തവണ തുക നൽകി | 1-24 |

| | | |
|---|---|---|
| 45 | മുൻവർഷങ്ങളിൽ ഭൂജല വകുപ്പിൽ നിക്ഷേപിച്ച തുക-നീക്കിയിരിപ്പ് ക്രമീകരിക്കേണ്ടതാണ് | 1-25 |
| 46 | പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 47 | താല്കാലിക നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമായിട്ടില്ല | 1-27 |
| 48 | ഐ.കെ.എം വിഹിതം -വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-28 |
| 49 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.07.2023 ലെ 2 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 22.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 20.10.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1130509 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9362611 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

### 1-1-3 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല

State Bank Of India/ E Pay(37257712911) അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 7244/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 1570 രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

### 1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

Development Fund - General എന്ന ഫണ്ടിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കായി ചെലവഴിച്ച തുകകൾ, തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ, ചെലവ് ബുക്ക് ചെയ്തില്ല. ഇത് മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുക സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നതിനും ഇടയാക്കി.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 126/23 Construction Of Drain At Estate Road | 42201092/ 25.01.2023 | 588,669 | 252110004 – Roads-Concreting | ഉചിതമായ ആസ്തി ശീർഷകം | Development Fund – General |
| 2 | 129/23 Construction Of Kuthambully Road | 42201089/ 24.01.2023 | 24,000 | 252110004-Roads-Concreting | ഉചിതമായ ആസ്തി ശീർഷകം | |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തികവർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി

ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്

(ഓഡിറ്റ് എൻക്വയറി നം. 19/23.09.2023)

## 1-1-5 വസ്തു നികുതി-തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം – റെസിഡൻഷ്യൽ

| | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1575375 | 2039 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1572621<br>(റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | 5813<br>(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) |

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-6 വസ്തു നികുതി -തൻവർഷം നോൺ-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

തൻവർഷം – നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1286709 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1286197<br>(റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) |

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-7 ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയേക്കാൾ കൂടുതൽ തുക മുൻകൂർ ക്രമീകരിച്ചു

2021-22 വർഷത്തെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ

വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2022-23 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/03/22 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2022-23 ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 2207 | 5813 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 11 | 1114 |

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-8 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

B. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

C. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

D. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

E. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

F. വാടക രജിസ്റ്റർ
(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-9 മുൻകൂർ തുക രജിസ്റ്ററിൽ രേഖപ്പെടുത്തി ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 |
|---|---|---|---|

| | | | ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees Forfactories, Traders, Enterprenuers And Other Services | 107550 |
| 2 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax/inst/trad/prof | 2160 |

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-10 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))
2. ലേലരജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ലേലം ഇനത്തിലുള്ള വരവുകളുടെ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ വരവ് രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. പാരാമെഡിക്കൽ ലൈസൻസ് രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-12 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ 113 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

“സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ

വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 19/23.09.2023)

### 1-1-13 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

### 1-1-14 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18,ഐ-19) പ്രകാരം “190000000-Prior Period Income”, “290000000- Prior Period Expenditure” എന്നീ ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290600401 – Prior Period Expenses-Remittance Of Unutilised Grants To Governmen | 100,000 |
| 190100101- Prior Period Income-Property Tax | - 29945 |

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

### 1-1-15 ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു.ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.
31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി

കാണുന്നു.ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-16 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനഃക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-17 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | STATE BANK OF INDIA-(30188144897) | 2557 |
| 2 | 450210101 | STATE BANK OF INDIA/ PENSION OAP-(10531202793) | 10241 |
| 3 | 450210104 | Treasury VPFA 12-(1234) | 8664 |
| 4 | 450210101 | STATE BANK OF INDIA GRANT FUND/KVP-( 10531203093) | 459,926 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2023-24 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-18 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല

താഴെ കൊടുത്തിട്ടുള്ള ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

A) Union Bank/ Health Grant Diagonostic Infra-(550802010013035)

B) Union Bank/ Health Conversion Of Rural PHC's-(550802010013038)

C) Treasury VPFA 12-(1234)

(ഓഡിറ്റ് എൻക്വയറി നം. 19/23.09.2023)

## 1-1-19 ട്രയൽ ബാലൻസ് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല

ട്രയൽ ബാലൻസ് പ്രകാരം 431910201 - Outdoor Collection Control Account എന്ന ശീർഷകത്തിൽ 31645/- രൂപയുടെ ക്രെഡിറ്റ് നീക്കിയിരിപ്പുണ്ട്. എന്നാൽ മേൽ ശീർഷകം വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-1-20 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 96249220 |
| ആകെ ചെലവ് (B) | | 89592944 |
| മിച്ചം തുക C= A-B | | 6656276 |
| Prior Period Income (I-19) | -15995 | |
| Prior Period Expenditure (I-18) | 100000 | |
| Net Difference Between Prior Period Income And Expenses ( D ) | | -115995 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 6540281 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ D=-84005 എന്നും E എന്നത് 6656276 ൽ നിന്നും 84005 കുറച്ചപ്പോൾ ലഭിച്ച 6572271 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 6540281 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 161864 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | 6540281 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | 6702145 |

(ഓഡിറ്റ് എൻക്വയറി നം. 13/21.09.2023)

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24/03/2022 | 1(1) | 155400900 | 159539363 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | വരവ് | ചെലവ് |
|---|---|---|---|
| 13/03/2023 | 2 | 127193400 | 127190022 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14085000 | 14085000 | 13950228 | 134772 |
| വികസന ഫണ്ട്- | 0 | 3627000 | 3627000 | 3442949 | 184051 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി | | | | | | |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 6985000 | 6985000 | 6869138 | 115862 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4570000 | 4570000 | 3591014 | 978986 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC TIED | ബാങ്ക് | 1068123 | 2967000 | 4035123 | 2781613 | 1253510 |
| | ട്രഷറി | 0 | 193663 | 193663 | 152431 | 41232 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC UNTIED | ബാങ്ക് | 56087 | 2118365 | 2174452 | 1208400 | 966052 |
| | ട്രഷറി | 0 | 85064 | 85064 | 85064 | 0 |
| TSC(PBIG+SBM) | | 1140321 | 0 | 1140321 | 1118054 | 22267 |
| TSC (ODF) | | 36000 | 0 | 36000 | 0 | 36000 |
| HEALTH GRANT (DIAGOSTIC) | | 0 | 238919 | 238919 | 236447 | 2472 |
| HEALTH GRANT (WELLNESS) | | 0 | 111230 | 111230 | 0 | 111230 |
| ICDS | | 313221 | 460188 | 773409 | 287382 | 486027 |
| CHIAK HEALTH INSURANCE | | 3006 | 0 | 3006 | 0 | 3006 |
| Other Government Agencies | | 0 | 1281533 | 1281533 | 961493 | 320040 |
| Keralolsavam | | 330 | 0 | 330 | 0 | 330 |
| Grants , Funds And Contributions For Specific Purposes | | 18550 | 0 | 18550 | 0 | 18550 |
| Other Grants , Funds And Contributions For Specific Purposes | | 486707 | 0 | 486707 | 0 | 486707 |

കുറിപ്പ് – 1 ) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ

നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ 320100160 എന്ന ശീർഷകത്തിൽ Rural Housing For All എന്ന ഇനത്തിലെ 103006 രൂപയിൽ 100000 രൂപ ചെലവായിട്ടുള്ളതും ബാക്കി 3006 രൂപ CHIAK HEALTH INSURANCE എന്ന ഇനത്തിൽ മാറ്റി നിക്ഷേപിച്ചിട്ടുള്ളതുമാണ്. വാർഷികകണക്കിൽ 103006 രൂപ ചെലവായിട്ടാണ് കാണിച്ചിരിക്കുന്നത്. ACR ൽ 3006 രൂപയുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.
3) ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 136 | 68083048 | 118 | 40502844 | 60% | 87 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1054412 | 1054412 | 1054411 | 1 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9261606 | 9261606 | 9261606 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 4064860.152 | 4064860.152 | 4064860.152 | 0 |
| ആകെ | 0 | 14380878.15 | 14380878.15 | 14380877.15 | 1 |

## 1-6 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2217600 | 1616 |
| വിധവാപെൻഷൻ | 9020800 | 6535 |
| വാർദ്ധക്യകാലപെൻഷൻ | 15178200 | 11253 |
| വികലാംഗപെൻഷൻ | 2138800 | 1560 |
| 50വയസ്സിന് മേൽ പ്രായം ഉള്ള അവിവാഹിതിരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1288000 | 922 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 150000 | 5 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.2023 തീയതിയിൽ 3:30pm ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21173/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വീടുകൾക്കുള്ള വസ്തുനികുതിയൊഴിവ് അപേക്ഷകൾ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ മുതലായവയിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളുടെ മിനിട്സ് പ്രകാരം കാണുന്നത്. 2022-23 സാമ്പത്തിക വർഷത്തെ നികുതി ഈടാക്കുന്നതിന് ക്യാമ്പ് കളക്ഷൻ, ഡിമാന്റ് നോട്ടീസ് വിതരണം തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും 100% നികുതികൾ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ മിക്ക ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നുണ്ട്.

### ബജറ്റും യഥാർത്ഥവരവുമായുള്ള താരതമ്യം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 36,50,000 | 40,00,000 | 35,73,676 |
| തൊഴിൽനികുതി | 8,15,000 | 9,50,000 | 9,18,690 |
| വാടക | 2,88,000 | 3,00,000 | 2,60,216 |
| ലൈസൻസ് ഫീസ് | 1,45,000 | 1,75,000 | 1,43,280 |

### വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ്(%) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 15,14,725 | 15,72,304 | 3.80 | 113 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 12,50,259 | 12,86,762 | 2.91 | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, | 51,830 | 52,150 | 0.61 | |
| തൊഴിൽ നികുതി-ട്രേഡേഴ്സ് | 1,47,850 | 1,56,950 | 6.15 | |
| തൊഴിൽ നികുതി - ജീവനക്കാർ | 6,68,090 | 7,09,590 | 6.21 | |
| വാടക | 1,91,950 | 2,60,216 | 35.5 | |
| FACTEOS ലൈസൻസ് | 1,30,950 | 1,39,950 | 6.87 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

ഓഡിറ്റ് ശുപാർശകൾ:

- തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- നികുതി/നികുതിയേതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.
- അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.
- പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി ഡിമാൻഡ് ചെയ്യേണ്ടതാണ്.
- കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വസ്തുനികുതി

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് 02.05.2023 ലെ 4 (1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. 10.07.2023 ലെ 34 (1) നമ്പർ തീരുമാനപ്രകാരം വിജ്ഞാപനം അന്തിമമാക്കിയിട്ടുണ്ട്.
വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ വ്യത്യസ്ത ഉദ്ദേശ്യത്തിനായി ഉപയോഗപ്പെടുത്തുന്നതായി പരിഗണിച്ച് നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവു സംഭവിച്ചിട്ടുണ്ട്. ആയത് ഖണ്ഡിക 1-10 ൽ പരാമർശിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലും നികുതി നിർണ്ണയത്തിലെ അപാകത കാരണം പഞ്ചായത്തിന് നികുതിയിൽ നഷ്ടം സംഭവിച്ചിട്ടുള്ളത് ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നു.

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 7/347 A ,B,C എന്നീ കെട്ടിങ്ങളുടെ അനധികൃത നിർമ്മാണത്തിനെതിരെ നോട്ടീസ് നൽകി ആയത് ഉടമസ്ഥനെ കൊണ്ട് പൂർവ സ്ഥിതിയിലാക്കിയിട്ടുണ്ട്. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നത്, ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി വർദ്ധനയ്ക്ക് കാരണമാകുന്നതാണ്. ആയതിനാൽ ഇത്തരം നടപടികൾ ഊർജിതമായി നടത്തേണ്ടതാണ്. വസ്തുനികുതി

നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ പഞ്ചായത്ത് (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് ) നടത്തുന്നില്ല.

സാങ്കേതിക പിഴവുകൾ കാരണം വസ്തുനികുതി നഷ്ടമാകുന്നുണ്ട്. 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മേൽത്തരം വസ്തുക്കളാൽ നിർമ്മിക്കപ്പെട്ട തറയാണുള്ളതെങ്കിൽ, അടിസ്ഥാന വസ്തുനികുതിയുടെ 15 ശതമാനം വർദ്ധനവ് ആകെ വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വാണിജ്യാവശ്യകെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രമീറ്റർ വിസ്തൃതിക്ക് താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽകൂടി, കെട്ടിടത്തിന് ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും രക്ഷപെടുന്ന അവസ്ഥയാണുള്ളത്. ഖണ്ഡിക 1-11 കാണുക.

സ.ഉ(അ)നം.നമ്പർ 36/2015/തസ്വഭവ. തീയതി 24/02/2015 പ്രകാരം സ്വകാര്യ ഹോസ്റ്റൽ,ഹോംസ്റ്റേ ,വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോംപൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ്(അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ),ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗ ഗണങ്ങളിലുള്ള കെട്ടിടങ്ങൾക്കും, സ.ഉ. 53/2020 ത.സ്വ.ഭ. വ. തീയതി 08.09.2020 പ്രകാരമുള്ള റെസിഡൻഷ്യൽ ഹോംസ്റ്റേകൾക്കുമുള്ള വസ്തു നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയും ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്താൽ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കുമെന്ന് വിലയിരുത്തുന്നു.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതിയായി വസ്തു നികുതിയുടെ 25 % ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ GAIL (India) Ltd എന്ന സ്ഥാപനത്തിൽ നിന്നും സേവന ഉപനികുതി ഈടാക്കുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) ൽ പരാമർശിച്ചിട്ടുള്ളതും ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ളതുമായ സേവനങ്ങൾക്ക് ഉപരിയായി ഏതെങ്കിലും കെട്ടിടത്തിന് വേണ്ടി അപ്രകാരമുള്ള ഒരു സേവനം പ്രത്യേകമായും വിപുലമായും ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള പക്ഷം, അതിന്റെ ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്ന് ഫീസ് ഈടാക്കാവുന്നതാണ്. അത് ചട്ടം26(1) പ്രകാരം ചുമത്തപ്പെടുന്ന സേവന ഉപനികുതിയിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ ഫീസ് ഈടാക്കാനുള്ള സാദ്ധ്യതയും പരിശോധിക്കേണ്ടതാണ്.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്. സ്പാർക്ക് പോലുള്ള സോഫ്റ്റ് വെയറിൽ നിന്നും നേരിട്ട് തന്നെ തൊഴിൽ നികുതി കണക്കാക്കി അക്കൌണ്ടിൽ വരവ് വരുന്ന രീതി നടപ്പാക്കാവുന്നതാണ്. കണക്ക് കൃത്യമായി സമർപ്പിക്കാത്ത സ്ഥാപന മേധാവി ഉടമയ്ക്ക് പിഴ ചുമത്താവുന്നതാണ്(1996 ലെ കേരള പഞ്ചായത്ത്

രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ ,ചട്ടം 24).

ഓരോ അർദ്ധവർഷത്തിലും നിലവിലുള്ള അസസ്സ്മെന്റുകളുടെ നിശ്ചിത ശതമാനം പരിശോധന നടത്താവുന്നതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും ലോഗിൻ നൽകി അതിൽ ജീവനക്കാരുടെ വിവരങ്ങളും ഇടപാടുകളും സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി നികുതി ഓൺലൈനായി അടക്കാവുന്നതും അതു വഴി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും നികുതി അടവാക്കിയതായി ഉറപ്പ് വരുത്താവുന്നതുമാണ്. സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ തന്നെ സ്ഥാപനത്തിന് ലോഗിൻ ഐഡി നൽകി ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് വഴി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും ലൈസൻസ് രജിസ്റ്ററും പരസ്പരം ബന്ധിപ്പിക്കുന്നത് നികുതി പിരിവ് കൂടുതൽ ഫലപ്രദമാകുന്നതിനു സഹായകമാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ തുടങ്ങുന്ന ഏതൊരു സ്ഥാപനവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം എന്ന നിയമവും ചട്ടവും വരുത്താവുന്നതാണ്. വിവിധ മേഖലകളിൽ സ്വയം തൊഴിൽ പ്രാക്ടീസ് ചെയ്ത് വരുന്നവരിൽ നിന്ന് വരുമാനത്തിന്റെ ആനുപാതികമായി ഒരു അർദ്ധവർഷത്തേക്ക് നിശ്ചിത തുക തൊഴിൽ നികുതിയായി അടവാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന തരത്തിൽ തൊഴിൽ നികുതി ചട്ടങ്ങൾ ഭേദഗതി വരുത്തുന്നത് പരിഗണിക്കുന്നതിന് സർക്കാരിൽ നിർദ്ദേശം സമർപ്പിക്കാവുന്നതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ,സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് പരിപാലിക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ് വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും തയ്യാറാക്കി ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

ലൈസൻസ് വരവ്

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ഖണ്ഡിക 1-15 ലും പരാമർശിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽനികുതി) വാണിജ്യ - വ്യവസായാവശ്യങ്ങൾക്കുള്ള എല്ലാ കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

ലേലം, വാടക, തുടങ്ങിയവ

മത്സ്യകുളങ്ങളുടെ ലേലം നല്ല രീതിയിൽ നടക്കുന്നുണ്ട്. ലേലം ചെയ്യാൻ അവശേഷിക്കുന്നവ തുടർന്നും കാര്യക്ഷമമായി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.കെട്ടിടങ്ങളിൽ നിന്നും ഓഡിറ്റോറിയം/ഹാൾ എന്നിവയിൽ നിന്നുമുള്ള വാടക ഇനത്തിലുള്ള വാർഷിക വരുമാന വർദ്ധനവ് അഭിനന്ദനാർഹമാണ്.

വിനോദനികുതി

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ വിനോദനികുതി ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ ഒരു ടർഫ് കോർട്ട് ഉണ്ട്. ആയതിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്.

മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ നിഷ്ക്രിയ ആസ്തികൾ ഉണ്ടോ എന്ന് സ്ഥലപരിശോധന നടത്തി കണ്ടെത്തേണ്ടതും, പ്രസ്തുത ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

## 1-10 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് 203, 208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും,200 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 80 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 200 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും, 200 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യ ത്തിനുള്ള കെട്ടിടങ്ങൾ എന്നീ ഉപയോഗക്രമത്തിലുള്ള വിവിധ കെട്ടിടനമ്പറുകൾ നൽകിയതിനാൽ അപ്രകാരം ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| | |
|---|---|
| വാർഡ് നമ്പർ | 8 |
| കെട്ടിട നമ്പർ | 232/ E,F,G,J,K,L,M,N,P,Q,R,S,W,Y |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | പി എ അബ്ദുൾ അസീസ്, ,പോക്കാക്കില്ലത്ത് വീട്,അരിയന്നൂർ,കണ്ടാണശ്ശേരി, |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2020 ആദ്യ അർദ്ധ വാർഷികം |

തറ വിസ്തീർണം: 608.97 ച.മീ

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം

| ഈടാക്കുന്ന അടിസ്ഥാന നികുതി (സഞ്ചയ പ്രകാരം) (ഒരു കെട്ടിടത്തിന് 30 രൂപ നിരക്കിലും (8/232 W) ബാക്കി കെട്ടിടങ്ങൾക്ക് 40 രൂപ നിരക്കിലും) | ബാധകമാക്കേണ്ട നികുതി നിരക്ക് 80രൂപ ഈടാക്കേണ്ട അടിസ്ഥാന നികുതി | നഷ്ടം |
|---|---|---|
| 23850.9 | 608.97*80=48717.6 | 2022-23<br>48717.6 -<br>23850.9 = |

| | | |
|---|---|---|
| | | 24866.7 |
| ആകെ | | 24866.7/- രൂപ |

നികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് ലഭിക്കേണ്ട നികുതി വരവിൽ വലിയ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 12/21.9.2023) ലഭ്യമാക്കിയ മറുപടിയിൽ നികുതി നിർണയം പുനഃപരിശോധിക്കുന്നതാണെന്നും വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായി നികുതി പുനർനിർണയിച്ച് അധികമായി ഈടാക്കേണ്ടുന്ന തുക കണ്ടെത്തി തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങൾ സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതി വരവിൽ കുറവ് വന്ന തുക കെട്ടിട ഉടമസ്ഥനിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ മേൽ കെട്ടിടങ്ങൾ ഉൾപ്പെടെ ഇത്തരം അപാകങ്ങൾ ഉള്ള കെട്ടിടങ്ങൾ കണ്ടെത്തി കെട്ടിടത്തിന് ബാധകമായ ഉപയോഗ ക്രമം, അടിസ്ഥാന വസ്തുനികുതി നിരക്ക് എന്നിവ സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതും വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11 വസ്തുനികുതി - തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉറപ്പ് വരുത്തിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. 250 ചതുശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 15% വർധനവുണ്ട്.

മേൽത്തരം തറയോടുകൂടിയ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം വ്യത്യസ്ത മുറികളായി തിരിച്ച് നമ്പറിടുമ്പോൾ ബാധകമായ 15% വർധനവ് നികുതിയിൽ വരുന്നില്ല. ആയതിനാൽ വലിയ തോതിൽ നികുതി ചോർച്ച സംഭവിക്കുന്നുണ്ട്. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 8/232 E,F,G,J,K,L,M,N,P,Q, R,S,T,U,W,Y | പി എ അബ്ദുൾ അസീസ്, പോക്കാക്കില്ലത്ത് വീട്, അരിയന്നൂർ, കണ്ടാണശ്ശേരി | 898.08 |
| 3/357 A To F | മുഹമ്മദ് ഇസ്മയിൽ എം.എ, മാളിയേക്കൽ വീട്, കടങ്ങോട് – 680584, | 261.81 |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. പഞ്ചായത്തിൽ 250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സാധാരണ തറ അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 12/21.9.2023)

## 1-12 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 12/21.9.2023) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-13 സർക്കാർ ഉത്തരവു പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ.ഉ (അ) നം. നമ്പർ 36/2015/തസ്വഭവ. തീയതി 24/02/2015 പ്രകാരം , വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് (അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ) എന്നീ ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞത് 3രൂപ / ച.മീ.യും കൂടിയത് 8 രൂപ / ച.മീ. എന്ന നിരക്കിലും, ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്ന ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞത് 150രൂപ / ച.മീ.യും കൂടിയത് 160 രൂപ / ച.മീ. എന്ന നിരക്കിലും നിശ്ചയിക്കേണ്ടതാണ്. കൂടാതെ സ.ഉ (അ) നം. നമ്പർ 53/2020/തസ്വഭവ. തീയതി 08/09/2020 പ്രകാരം റെസിഡൻഷ്യൽ ഹോം സ്റ്റേ എന്ന ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞത് 10 രൂപ / ച.മീ.യും കൂടിയത് 25 രൂപ / ച.മീ. എന്ന നിരക്കിലും നിശ്ചയിക്കേണ്ടതാണ്. സഞ്ചയയിൽ സെറ്റ് ചെയ്തിട്ടുള്ള വസ്തുനികുതി അടിസ്ഥാന നിരക്കുകളുടെ പട്ടികയിൽ മേൽ ഉത്തരവു പ്രകാരമുള്ള ഉപയോഗഗണങ്ങളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് ഉൾപ്പെടുത്തിയിട്ടില്ല. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയയിൽ മാറ്റങ്ങൾ വരുത്തുമ്പോൾ മേൽ ഉപയോഗ ഗണങ്ങളിലെ നിരക്ക് നിശ്ചയിച്ച സഞ്ചയയിൽ ഉൾപ്പെടുത്തുന്നതാണെന്ന ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 12/21.9.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് രജിസ്റ്ററും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും 1948ലെ ഏറ്റവും കുറഞ്ഞ കൂലി ആക്ടിലെ വിവിധ വകുപ്പുകൾ നൽകിയ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് തൊഴിൽ വകുപ്പ് ഇറക്കിയ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം സ്ഥാപങ്ങൾ നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി നൽകാതെ സർക്കാർ നിഷ്കർഷിച്ചതിന് വിരുദ്ധമായാണ് തൊഴിലാളികൾക്ക് വേതനം നൽകുന്നതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തൊഴിലാളി യുടെ പേര്/ ഉദ്യോഗപ്പേര് | റിട്ടേൺ പ്രകാരം നൽകുന്ന അടിസ്ഥാന വേതനം (രൂപ) | നിയമ പ്രകാരം നൽകേണ്ടുന്ന മിനിമം വേതനം (രൂപ) | സർക്കാർ ഉത്തരവ് |
|---|---|---|---|---|---|
| 1 | ബ്ളൂമിംഗ് ബഡ്സ് | ആശ വി എ (ലാബ് | 12038 | 12250 | G.O.(P) No.22/2021/LBR |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | അസിസ്റ്റന്റ് ) | | | | |
| | | | ഷീജ കെ ബി (കെ ജി ആയ) | 10100 | 11130 | | |
| | | | ബഷീറ എ എം (കെ ജി ആയ) | 11097 | 11130 | | |
| | | | ലത എ വി (സ്വീപ്പർ) | 9340 | 11130 | | |
| | | | ശ്യാമള ഭായ് അറക്കൽ (സ്വീപ്പർ) | 8580 | 11130 | | |
| | | | റജീന എ എ (സ്വീപ്പർ) | 8390 | 11130 | | |
| | | | രാജലക്ഷ്മി എം ടി (സ്വീപ്പർ) | 7155 | 11130 | | |
| | | | സിന്ധു അജിത് (സ്വീപ്പർ) | 7155 | 11130 | Dated, Thiruvananthapuram, 11 Th February, 2021 (സ്വകാര്യ വിദ്യാഭാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകേതര ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ് ) | |
| | | | ലക്ഷ്മിക്കുട്ടി (കെ ജി ആയ) | 10338 | 11130 | | |
| | | | രജനി കെ പി (കെ ജി ആയ) | 10338 | 11130 | | |
| | | ബഥാനിയ ഇംഗ്ലീഷ് സ്കൂൾ ,വെള്ളിത്തിരുത്തി | രാധ എം എസ് (കെ ജി ആയ) | 8390 | 11130 | | |
| | | | അശ്വതി കെ എ (കെ ജി ആയ) | 8390 | 11130 | | |
| | | | സൗമ്യ (കെ ജി ആയ) | 2839 | 11130 | | |
| | | | പുഷ്പ ടി ടി (കെ ജി ആയ) | 10338 | 11130 | | |
| | | | സിയോജ് എൻ ഐ (ഡ്രൈവർ) | 10833 | 12590 | | |
| | | | ജാൻസൺ എൻ ഐ (ഡ്രൈവർ) | 10167 | 12590 | | |
| | | | ദിലീപ് പി ആർ (ഡ്രൈവർ) | 10000 | 12590 | | |
| | | | ബാസി കെ ജി (ഡ്രൈവർ) | 9167 | 12590 | | |
| | | | സുരേഷ് ബാബു കെ ബി (ഡ്രൈവർ) | 8333 | 12590 | | |
| | | | സി കെ മോൻസി | 11000 | 12590 | | |

| | | | | | |
|---|---|---|---|---|---|
| | | (ഡ്രൈവർ) | | | |
| 2 | ക്ലാസിക് ഡെക്കറേറ്റിംഗ് റ്റൂൾസ് ,ചൊവ്വന്നൂർ | ഷീജ കെ ബി (ഹെൽപ്പർ) | 2400 | 8490 | G.O.(P) No.196/2016/LBR Dated, Thiruvananthapuram, 21 St December , 2016 (സംസ്ഥാനത്തെ കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ് ) |
| | | മിനി പി കെ (ഹെൽപ്പർ) | 2400 | 8490 | |
| | | ഷാജൻ കെ ഓ (ഹെൽപ്പർ) | 2400 | 8490 | |
| | | അഷ്റഫ് ഇ എം (സെയിൽസ് മാൻ) | 2400 | 8910 | |
| | | രാഹുൽ രാജൻ (സെയിൽസ് മാൻ) | 2400 | 8910 | |
| | | ആയിഷ എം ബി (പാക്കിങ് ഗേൾ) | 2200 | 8700 | |
| | | പദ്മിനി (പാക്കിങ് ഗേൾ) | 2200 | 8700 | |
| | | ശോഭന (പാക്കിങ് ഗേൾ) | 2200 | 8700 | |
| 3 | ക്ലാസിക് പെയിന്റ് റോളേഴ്സ് & അലൈഡ് പ്രോഡക്ട്സ് | അംബിക (ഹെൽപ്പർ) | 2400 | 8490 | G.O.(P) No.196/2016/LBR Dated, Thiruvananthapuram, 21 St December , 2016 (സംസ്ഥാനത്തെ കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ് ) |
| | | ഷക്കീർ (ഹെൽപ്പർ) | 2400 | 8490 | |
| | | സാബു പ്രിൻസ് (ഫോർമാൻ) | 2400 | 8910 | |
| | | രതി (പാക്കിങ് ഗേൾ) | 2200 | 8700 | |
| | | വിറ്റി തോമസ് (പാക്കിങ് ഗേൾ) | 2200 | 8700 | |
| | | അനീഷ് ടി സി (അക്കൗണ്ടന്റ് ) | 2400 | 8910 | |
| | | രാധ വിജയൻ (ഹെൽപ്പർ) | 2200 | 8490 | |
| | | മീരാൻ ഹസ്സൻ (സെയിൽസ് ഗേൾ) | 2400 | 8910 | |

| | | | | | |
|---|---|---|---|---|---|
| | | ജോയ് എം എഫ് (സൂപ്പർവൈസർ) | 2400 | 8910 | |
| | | ഭരതൻ (ഹെൽപ്പർ) | 2200 | 8490 | |
| | | സജിൽ (ഒ എ) | 2400 | 8280 | |
| | | ഷീജ കെ എസ് (ഹെൽപ്പർ) | 2200 | 8490 | |
| | | ഷാജൻ (ഹെൽപ്പർ) | 2200 | 8490 | |
| | | സന്ധ്യ (ഹെൽപ്പർ) | 2200 | 8490 | |
| | | കൗസല്യ (ഹെൽപ്പർ) | 2200 | 8490 | |
| | | ജ്യോതി (ഹെൽപ്പർ) | 2200 | 8490 | |
| | | ഷീബ (ഹെൽപ്പർ) | 2200 | 8490 | |
| | | സജിനി (ഹെൽപ്പർ) | 2200 | 8490 | |
| | | റംല ബീവി (ഹെൽപ്പർ) | 2200 | 8490 | |
| | | ശ്രീബ (ഹെൽപ്പർ) | 2200 | 8490 | |
| 4 | വിവേക് ആൻഡ് രാജ് കാഷ്യൂസ് | സുധീർ (സെയിൽസ് മാനേജർ) | 5000 | 9120 | G.O.(P) No.196/2016/LBR Dated, Thiruvananthapuram, 21 St December , 2016 (സംസ്ഥാനത്തെ കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ് ) |
| | | ഷരീഫ് (അക്കൗണ്ടന്റ് ) | 5000 | 8910 | |
| | | വിശാഖ് (ജൂനിയർ അക്കൗണ്ടന്റ് ) | 5000 | 8700 | |
| | | ഉണ്ണികൃഷ്ണൻ (ട്രേഡിംഗ് മാനേജർ) | 5000 | 8910 | |
| | | ബഷീർ (സെയിൽസ് മാൻ) | 5000 | 8910 | |

സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വേതനം നൽകുന്നതിന് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി പുതിയ വേതനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10/21.9.2023) മറുപടി

ലഭ്യമാക്കിയിട്ടുണ്ട്.തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ് അല്ലാത്തപക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം തൊഴിൽ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ആയത് ഈടാക്കുന്നതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10/21.9.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെയും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെയും എണ്ണത്തിൽ വൻവ്യത്യാസം

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 536 |
| 2 | 100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 50 |
| 3 | 200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങള് | 13 |
| 4 | 200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 7 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ | 1 |
| 6 | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ തുടങ്ങിയവ | 83 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്,കയർപിരി ഷെഡ് | 19 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 63 |
| 9 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 59 |
| | ആകെ | 831 |

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 378 |
| 2 | പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 5 |
| 3 | ഓഡിറ്റോറിയം | 9 |
| 4 | പൗൾട്രി/സ്ലോട്ടർ/ഫിഷ് സ്റ്റാൾ | 2 |

| | | |
|---|---|---|
| 5 | ഹോട്ടൽ/ഫുഡ് കോർട്ട് | 12 |
| 6 | സലൂൺ / സ്പാ | 5 |
| 7 | ഓഫീസ് കെട്ടിടങ്ങൾ | 40 |
| ആകെ | | 451 |

ഗ്രാമപഞ്ചായത്തിൽ ആകെ 831 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായും ലൈസൻസ് ആവശ്യമുള്ള 451 സ്ഥാപനങ്ങൾ നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും യഥാക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ഹരിതമിത്രം ആപ്ലിക്കേഷനിലെ സ്ഥാപനങ്ങൾ സംബന്ധിച്ച ലിസ്റ്റിൽ നിന്നും വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2022-23 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ 245 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു എന്നു വ്യക്തമാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തുകയും ഓരോ വാർഡിലെയും വാണിജ്യ കെട്ടിടങ്ങൾ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കുകയും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഫീ ഇനത്തിൽ വരുമാനവർദ്ധനവിനും സഹായമാകുമെന്ന ഓഡിറ്റ് വിലയിരുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 11/21.9.2023)

## 1-16 ആവശ്യമായ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1. പ്രോജക്ട് നമ്പർ 95/23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്ന് ലഭ്യമായ ഗുണഭോക്താക്കളുടെ ഉടമസ്ഥതയിലുള്ള കന്നുകാലികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കന്നുകാലികളുടെ എണ്ണം |
|---|---|---|
| 1 | സുധാകരൻ , വട്ടംപറമ്പിൽ | 20 |
| 2 | സേവ്യർ, മണ്ടുപാല | 10 |
| 3 | ഫ്രാൻസിസ്, മണ്ടുപാല | 12 |
| 4 | സരോജിനി, കുന്നത്ത് | 8 |
| 5 | വിശ്വനാഥൻ, കാരുമറ്റപറമ്പിൽ | 8 |
| 6 | കുഞ്ഞു മുഹമ്മദ് , എട്ടുകണ്ടത്തിൽ | 9 |
| 7 | ഷെരീഫ, വട്ടംപറമ്പിൽ | 10 |
| 8 | സുലൈമാൻ, മാടപ്പാട്ടുപറമ്പിൽ | 6 |
| 9 | മനോജ്, പാറപ്പുറത്ത് | 14 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3(2) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചട്ടം 3(1) ൽ ലൈസൻസ് ആവശ്യമില്ലാതെ വളർത്താവുന്ന പരമാവധി കന്നുകാലികളുടെ എണ്ണം 5 ആയി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ചൊവ്വന്നൂർ പഞ്ചായത്തിലെ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് നൽകിയ ലൈസൻസിന്റെ വിവരങ്ങൾ

പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ ഒരു ഫാമിന് (ഭദ്ര പൗൾട്രി ഫാം) മാത്രമാണ് ലൈസൻസ് നല്കിയിട്ടുള്ളതെന്ന ശ്രദ്ധയിൽപ്പെട്ടു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 11/21.9.2023) ലഭ്യമാക്കിയ മറുപടിയിൽ 5ൽ കൂടുതൽ കന്നുകാലികളെ പരിപാലിക്കുന്നവർക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്.

2. 'മാത്യൂസ് അക്കാഡമി' എന്ന സ്ഥാപനം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ലൈസൻസ് എടുത്തിട്ടില്ല. മീരാ പോൾ & അന്നമ്മ ജോൺ തെക്കേക്കര വീട് രസീത് നം. 1220100468/24.06.2022 പ്രകാരം ടി സ്ഥാപനത്തിന്റെ ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് അടവാക്കിയിട്ടുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ലൈസൻസ് എടുത്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 19/23.9.2023 മറുപടി ലഭ്യമാക്കിയില്ല.)

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാത്തരം സ്ഥാപനങ്ങളും ആവശ്യമായ എല്ലാ ലൈസൻസുകളും എടുത്തിട്ടുണ്ടെന്ന ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നല്കി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെയുള്ള വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | സാവിത്രി സി.പി. | 107200600610 | വിധവ പെൻഷൻ | 08.11.2021 | 37/2022 04.05.2022 | ആക്റ്റീവ് | 12/2021 – 06/2023 | 1600 | 30400 | 30400 |
| 2 | ഷെയ്ക്ക് അബ്ദുള്ള | 2220266929 | കർഷകപെൻഷൻ ഫോർ സ്മോൾ ആൻഡ് മാർജിനൽ ഫാർമേഴ്സ് | 21.07.2022 | 73/2022 17.08.2022 | ആക്റ്റീവ് | 08/2022 – 04/2023 | 1600 | 14400 | 14400 |

ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/19.09.2023) താഴെക്കൊടുത്തിരിക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. സാവിത്രി സി.പി. എന്നവരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കി, അർഹതയില്ലാതെ കൈപ്പറ്റിയ തുക തിരികെ അടവാക്കണമെന്ന് അറിയിച്ചുകൊണ്ട് ബന്ധപ്പെട്ട ബാങ്കിനും ഗുണഭോക്താവിന്റെ മകനും കത്ത് നല്കിയിട്ടുണ്ട്.

2. കർഷക പെൻഷൻ ഗുണഭോക്താവായ ഷെയ്ക്ക് അബ്ദുള്ള എന്നവരുടെ വിവരങ്ങൾ കൃഷി ഓഫീസറെ അറിയിച്ചുകൊണ്ട് കത്ത് നല്കിയിട്ടുണ്ട്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം മേൽനിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി, സ്ഥിരതാമസമാക്കിയിരുന്ന പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം

തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ (30400+ 14400) രൂപ എത്രയും വേഗം തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് തിരിച്ച് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ സമർപ്പിച്ച വിവരം ലഭ്യമല്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ (ആർ.റ്റി.) 3379/2004 എച്ച് & എഫ്.ഡബ്ല്യു.ഡി തീ. 03.12.2004 പ്രകാരം രൂപീകൃതമായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ചൊവ്വന്നൂർ ഹോമിയോ ഡിസ്പെൻസറി, ചൊവ്വന്നൂർ എഫ്.എച്ച്.സി എന്നീ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി അവസാനം സമർപ്പിച്ചത് ഏത് സാമ്പത്തിക വർഷത്തിലാണെന്നും 2022-23 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ തുടർച്ചയായ കണക്കുകൾ സമർപ്പിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 8/21.9.2023) ചൊവ്വന്നൂർ ഹോമിയോ ഡിസ്പെൻസറി മറുപടി ലഭ്യമാക്കിയില്ല. ചൊവ്വന്നൂർ എഫ്.എച്ച്.സി യുടെ 2021-22 വർഷം വരെയുള്ള എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ടെന്നും 2022-23 വർഷത്തെ കണക്കുകൾ എത്രയും വേഗം സമർപ്പിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ചൊവ്വന്നൂർ എഫ്.എച്ച്.സി.യുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ 2022-23 വർഷത്തെ വാർഷിക കണക്കുകളും ചൊവ്വന്നൂർ ഹോമിയോ ഡിസ്പെൻസറിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ 2022-23 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റിന് കണക്ക് സമർപ്പിക്കാത്ത എല്ലാ വർഷങ്ങളിലെയും വരവ് ചെലവ് കണക്ക് തയ്യാറാക്കി സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 മരുന്നുകൾ പൂർണമായും ലഭ്യമായില്ല

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കേർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മുഴുവൻ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/ വൗച്ചർ നം | പദ്ധതി വിവരങ്ങൾ | | | നാളിതു വരെ ലഭ്യമായ മരുന്ന് | ലഭ്യമാവാൻ ബാക്കിയുള്ള മരുന്ന് |
|---|---|---|---|---|---|---|---|---|
| | | | | അടങ്കൽ | ചെലവ് | ഫണ്ടിനം | | |
| 1 | 79/23 വൃക്ക രോഗികൾക്ക് മരുന്ന് ഡൈലസർ വാങ്ങൽ | PRF 1920/ 29.10.2022 | Vr.42201047/ 13.12.2022 | 150000 | 149858 | മെയിന്റനൻസ് ഫണ്ട്- റോഡിതരം | 19107 രൂപ യുടെ മരുന്ന് ലഭ്യമായിട്ടുണ്ട്<br>ഇൻവോയ്സ് നമ്പർ 17219/31.8.2023 (19107/- രൂപ) | 130751 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല |
| 2 | 17/23 എഫ് എച്ച് | PRF 1785/ 20.10.2022 | Vr.42201030/ 22.11.2022 | 450000 (400000 | 449741 (399741 | മെയിന്റനൻസ് ഫണ്ട്- | 127468 രൂപയുടെ മരുന്ന് | 70289 രൂപയുടെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ലഭ്യമായിട്ടുണ്ട് | |
| സി യിലേക്ക് മരുന്ന വാങ്ങൽ | (197757/- രൂപ) | (197757/- രൂപ) | + 50000) | + 50000) | റോഡിതരം (400000) & പൊതു വിഭാഗം - സാധാരണ വിഹിതം (50000) | ഇൻവോയ്സ് നമ്പർ 22420/7.1.2023 (19471/- രൂപ) 22536/9.1.2023 (2284 /- രൂപ) 27445/23.3.2023 (9162 /- രൂപ) 42/1.4.2023 (5880/- രൂപ) 211/4.4.2023 (8221/- രൂപ) 2709/9.5.2023 (3360/- രൂപ) 4955/20.5.2023 (28197/- രൂപ) 6681/30.5.2023 (14827/- രൂപ) 11138/30.6.2023 (34184/- രൂപ) 15772/11.8.2023 (1882/- രൂപ) | മരുന്ന് ലഭ്യമായിട്ടില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 9/21.9.2023) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതിന്റെ പുരോഗതി യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 എഫ് എച്ച് സി ലേക്ക് ഫർണിച്ചർ വാങ്ങൽ- സർക്കാർ ഉത്തരവ് പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

പ്രോജക്ട് നമ്പർ,പേര് -86/ 23 , എഫ് എച്ച് സി ലേക്ക് ഫർണിച്ചർ

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്-റോഡിതരം

അടങ്കൽ :99000/-

ചെലവ് : 98894/-

വൗച്ചർ നം : 42201029/22.11.2022 (39790/- രൂപ)

42201055/22.12.2022 (59104/- രൂപ)

എഫ് എച്ച് സിയിലേക്ക് ആർട്കോയിൽ നിന്ന് നേരിട്ട് വിവിധ ഇനം ഫർണിച്ചർ വാങ്ങുകയാണ് മേൽ പദ്ധതി പ്രകാരം ചെയ്തിരിക്കുന്നത്. സർക്കാർ ഉത്തരവ് G.O (Rt.) No. 4/2018/SPD Dated 2.2.2018 അനുബന്ധത്തിൽ ആർട്കോയിൽ നിന്നും ടെൻഡർ നടപടികൾ നടപടികൾ ഇല്ലാതെ നേരിട്ട് വാങ്ങാവുന്ന ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും ലിസ്റ്റും അവയ്ക്ക് നൽകാവുന്ന പരമാവധി വിലയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.മേൽ ഉത്തരവിൽ പറഞ്ഞിട്ടില്ലാത്ത ഉപകരണങ്ങൾ/ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനു സ്റ്റോർ പർച്ചേസ് മാന്വൽ ചട്ടങ്ങൾ

പ്രകാരം ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ആർട്കോയ്ക്ക് പ്രസ്തുത ക്വട്ടേഷൻ/ടെൻഡർ നടപടികളിൽ പങ്കെടുക്കാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വൗച്ചർ നമ്പർ 42201055 /22.12.2022 പ്രകാരം വാങ്ങിയ എയർപോർട്ട് ചെയർ 3 സീറ്റർ എന്ന ഇനം മേൽ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടില്ല.സർക്കാർ ഉത്തരവ് പാലിക്കാതെ പ്രസ്തുത ഇനം നേരിട്ട് ആർട്കോയിൽ നിന്ന് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. ഭാവിയിൽ അക്രഡിറ്റെഡ് ഏജൻസികളിൽ നിന്നും ടെൻഡർ നടപടികൾ ഇല്ലാതെ നേരിട്ട് സാധനങ്ങൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 9/21.9.2023)

## 1-21 സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്റ്റ്- 103/23 സ്വയം തൊഴിൽ, വനിത (ജനറൽ)

ഫണ്ട്-വികസന ഫണ്ട്

അടങ്കൽ-3,00,000

ചെലവ്-2,50,000

വൗച്ചർ നം,തുക-

1.42201061/27-12-22-50,000

2.42201068/4-1-23-50,000

3.42201108/2-2-23-50,000

4.42201148/17-3-23-50,000

5.42201189/31-3-23-50,000

ഭരണ സമിതി തീരുമാനം-1/1(4)/27-10-22

പഞ്ചായത്ത് ഭരണ സമിതിയുടെ മേൽ തീരുമാന പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുത്ത അഞ്ച് ഗുണഭോക്താക്കൾക്ക് 50,000 രൂപ (വായ്പ തുകയായ 1,00,000 രൂപയുടെ 50%) സബ്സിഡി അനുവദിക്കുന്നു. ബാങ്ക് , ലോൺ അനുവദിച്ച വിവരം നിർവഹണ ഉദ്യോഗസ്ഥക്ക് അക്കൗണ്ട് നംസഹിതം കത്ത് നൽകുന്ന മുറക്കാണ് സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നത്. എന്നാൽ മേൽ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ,റസീന ,തട്ടരക്കാട്ടിൽ വീട്,മരത്തംകോട് എന്ന ഗുണഭോക്താവിന് സബ്സിഡി തുക നൽകുന്നതിനായി 50,000 രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചുവെങ്കിലും ,തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ,UTR സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.കേരള ഗ്രാമീൺ ബാങ്ക്, കുന്ദംകുള ശാഖ സീനിയർ മാനേജരുടെ 29/3/23 ലെ 02/MSMT/KGB/271/2023 നം കത്ത് പ്രകാരം ഗുണഭോക്താവിന് വായ്പ അനുവദിച്ച വിവരവും, അക്കൗണ്ട് വിശദാംശങ്ങളും നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. (LOAN A/C-27115334000223, സബ്സിഡി ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ട്-A/C.402711013050114)

മറ്റ് അപാകതകൾ

1.ഫയലിനോടൊപ്പം ലഭ്യമാക്കിയ റേഷൻ കാർഡിൽഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ടിട്ടില്ല.

2.വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ,UTR സ്റ്റേറ്റ്മെന്റ് ,അർഹത തെളിയിക്കുന്ന രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-17/23/9/23)
ഓഡിറ്റ് എൻക്വയറിക്കു മറുപടിയായി നിർവഹണ ഉദ്യോഗസ്ഥ ചുവടെ ചേർക്കുന്ന കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ തെറ്റായി എൻട്രി വരുത്തിയതിനാൽ, തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. തുക സർക്കാർ അക്കൗണ്ടിലേക്ക് തിരികെ വന്നിട്ടുള്ളതും, ആയത് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നുമാണ്. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-22 അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഭിന്നശേഷി സ്കോളർഷിപ്പ് നൽകിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നം / പേര് | 22/23- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് |
| ഫണ്ട് -അടങ്കൽ/ ചെലവ് | വികസന ഫണ്ട് - 226100 /226100<br>ബ്ലോക്ക് വിഹിതം- 200000/153600<br>ജില്ലാ വിഹിതം- 200000/57000<br>ആകെ- 626100/436700 |

പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷയും അനുബന്ധരേഖകളും ഹാജരാക്കിയിട്ടും സ്കോളർഷിപ്പ് നൽകിയിട്ടില്ല.

| ക്രമനം | വിദ്യാർത്ഥിയുടെ പേര് | വിഭാഗം |
|---|---|---|
| 1 | ഉണ്ണികൃഷ്ണൻ.പി.<br>പറപ്പൂര് വീട്<br>ചൊവ്വന്നൂർ | MR |
| 2 | ഏയ്ഞ്ചൽ.കെ.ബി<br>കൈപറമ്പൻ<br>മരത്തംകോട് | PH<br>(സ്റ്റാൻഡേർഡ് 9) |

